• **നിരീക്ഷണം**

# പണപ്പയറ്റിന്റെ ഗ്രാമീണപ്പെരുമ

ജയൻ പി.എം.



വർഷങ്ങൾക്കു മുമ്പ് സാമ്പത്തികമായി ഒട്ടും ഭദ്രതയില്ലാത്ത കാലം. സ്കൂളിലെ അവസാനബെല്ലടി കേട്ട് വീട്ടിലേക്ക് ഓടവെ പറമ്പിൽ വച്ചേ അച്ഛൻ വിളിച്ചു പറഞ്ഞു. ഇന്ന് നാണുവിന്റെ പയറ്റാണ്. കാവിൽ പീടികയിലാണ് എന്ന് പറഞ്ഞ് 20 രൂപ തന്നു. ഒപ്പം പയറ്റുകണക്കിൽ എഴുതേണ്ട പേര് ഒരു പേപ്പറിൽ എഴുതി തരികയും 'ചായ കുടിച്ചോ മുതലല്ല' എന്നും പറയുകയും ചെയ്തു. അടുക്കളയിലേക്കോടി ചോറ് കഴിക്കാൻ നിൽക്കാതെ ഉടുത്ത ട്രൗസറും അതേ ഷർട്ടുമായി നേരെ പീടികയിലേക്ക് ഒറ്റയോട്ടമാണ്...

എന്നെങ്കിലും കടയിൽ നിന്ന് പൊറാട്ടയോ പുട്ടോ കഴിക്കൻ കിട്ടുന്ന അവസരമാണിത്. അതിന്റെ അത്യാർത്ഥിയും ആഹ്ലാദവും ഉള്ളിലൊളിപ്പിച്ചാണ് ഈ പെടാപാട്...ഓട്ടത്തിനിടയിൽ അകത്തുനിന്ന് അമ്മ വിളിച്ചുപറയുന്നുണ്ടാകും ഇരുട്ടുന്നതിനുമുമ്പേ എത്തണം അവിടെയൊന്നും കറങ്ങിയടിക്കരുത്.

അങ്ങാടിയിൽ എത്തുമ്പോൾ തന്നെ തെങ്ങിന്റെ മണ്ടയിൽ നിന്ന് സിനിമാപാട്ട് കടയിലേക്ക് എന്നെ ആകർഷിക്കുന്ന തരത്തിൽ ഒഴുകിയെത്തിയിരുന്നു. കുരുത്തോല കൊണ്ടും ഇന്തോല കൊണ്ടും അലങ്കരിച്ച കടയിൽ കയറുമ്പോൾ, എന്നെ ഏതു വിധേനയോ തിരിച്ചറിഞ്ഞ പയറ്റ് നടത്തുന്നയാൾ അച്ചൻ എവിടെയെന്ന് തിരക്കി. സ്നേഹവായ്പോടെ ചായ കുടിക്കാനായി കടയ്ക്കുള്ളിലേക്ക് ക്ഷണിച്ചു. ഒരു പുട്ടും ചായയും ഒരു പഴവുമാണ് ബഞ്ചിലിരുന്ന എനിക്കുമുന്നിലെത്തിയത്. പയറ്റിനുവരുമ്പോഴോ കല്യാണത്തലേന്ന് ടീപാർട്ടിക്ക് പങ്കെടുക്കുമ്പോഴോ മാത്രമേ ഇത്തരം വിഭവങ്ങൾ കിട്ടാറുള്ളു. ചായ കുടിച്ച ശേഷം പീടികക്ക് മുന്നിൽ എഴുത്തുമേശയിലിരിക്കുന്നയാൾക്ക് പണം നൽകി. കണക്കു ബുക്കിൽ എഴുതേണ്ട പേര് പറഞ്ഞ് പേര് കൃത്യമായി എഴുതിയോ എന്ന് ഉറപ്പ് വരുത്തിയ ശേഷമാണ്, അങ്ങാടിയിലെ കാഴ്ചയും വിശേഷങ്ങളും ഒപ്പിയെടുത്തുകൊണ്ട് വീട്ടിലേക്ക് മടങ്ങിയത്......

വടക്കൻ കേരളത്തിൽ പ്രത്യേകിച്ച് കോഴിക്കോട്, കണ്ണൂർ അടക്കമുള്ള സ്ഥലങ്ങളിലും മലയോരങ്ങളിലെയും എഴുപതിനുശേഷം ജനിച്ച ഏതൊരു സാധാരണ യുവാവിനും ഉണ്ടാകുന്ന ആർഭാടരഹിതമായ അനുഭവസാക്ഷ്യമാണിത്.

ബാങ്കും ചിട്ടിയും ബ്ലേഡ് സംഘവും നാട്ടിൽ പിടിമുറുക്കുന്നതിനും എത്രയോ മുമ്പ് സാധാരണക്കാരന്റെ സാമ്പത്തികശേഖരണത്തിനായി ഇവിടങ്ങളിൽ രൂപം കൊണ്ട സംവിധാനമാണ് പണപ്പയറ്റ് എന്ന് വിളിക്കുന്ന ഈ വ്യത്യസ്തമായ ഇടപാട്. കുടുംബത്തിൽ മക്കളുടെ കല്യാണമോ സ്വന്തമായി വീട് പണിയുന്ന വേളയിലോ കടം തീർക്കേണ്ട ഘട്ടത്തിലോ ആണ് ഇത്തരത്തിൽ ചങ്ങാതിക്കുറി അഥവാ പണപ്പയറ്റ് വ്യക്തികൾ നടത്തിവന്നിരുന്നത് വരുന്നത്.

ചതിയും കളവും അത്ര നിറഞ്ഞുനിൽക്കാത്ത, പരസ്പര വിശ്വാസത്തിന്റെ നിറവുള്ള കാലത്തിന്റെ പരിച്ഛേദമായാണ് ഇവിടങ്ങളിൽ ഈ സമ്പ്രദായം നിലവിൽ വന്നതെന്നാണ് കരുതേണ്ടത്. അന്നന്ന് കിട്ടുന്ന വരുമാനം കൊണ്ട് ജീവിതം തള്ളിനീക്കുന്ന സാധാരണക്കാരനാണ് ഇതുകൊണ്ട് ഏറെയും ഗുണം. അടുത്ത സുഹൃത്തുക്കളിൽനിന്നും ബന്ധുക്കളിൽ നിന്നുമാണ് ഇത്തരത്തിൽ പണം സമാഹരിക്കുന്നത്. ഒരു കണക്കുപുസ്തകത്തിലെ എഴുത്തിലുപരി പയറ്റുന്ന പണം തിരിച്ചുകൊടുക്കാൻ മറ്റൊരു ലിഖിതമായ രേഖയും ഉണ്ടായിരുന്നില്ല. ഇങ്ങിനെയാണെങ്കിലും പയറ്റിന് പണം നൽകിയവർക്ക് ആത്മാഭിമാനമുള്ള ആരും തന്നെ തിരിച്ചുപയറ്റുമെന്നാണ് കണക്ക്. അങ്ങിനെ ചെയ്തില്ലെങ്കിൽ സമൂഹത്തിൽ വലിയ കുറച്ചിലായാണ് കണ്ടുവന്നിരുന്നത്.

**1184 തുലാം 2 പകൽ 2 മണിക്ക്**

ശ്രീ എന്ന അഭിസംബോധന യോടെ ചെറിയ കാർഡിൽ തയ്യാറാക്കുന്ന കുറിപ്പാണ് പയറ്റിനായി പയറ്റ് നടത്തുന്നയാൾ കൊടുക്കുക. പയറ്റ് നടക്കുന്ന സ്ഥലം, പീടിക, സമയം എന്നിവ എന്നിവ രേഖപ്പെടുത്തിയ ലളിതമായ കത്ത് നേരിൽ കണ്ടോ വിശ്വസ്തരുടെ കൈവശം വഴി കൈമാറിയോ ആണ് പലർക്കും എത്തിക്കുക. സാമ്പത്തികമായ അത്യാവശ്യഘട്ടത്തിൽ ആദ്യം പയറ്റ് തുടങ്ങുന്ന യുവാക്കൾ തന്റെ സുഹൃത് വലയത്തെയാണ് ആദ്യം ആശ്രയിക്കുക. അതിനു പുറമെ തന്റെ ബന്ധുവലയത്തെയും പരമാവധി ഉപയോഗിക്കും. ഇത്തരത്തിൽ വിതരണം ചെയ്യുന്നതിനായി നൂറിനും ഇരുനൂറിനും ഇടയിൽ കത്തുകൾ സാധാരണ അടിക്കും. ഒരു വ്യക്തിയുടെ ബന്ധങ്ങളുടെ വ്യാപ്തി എത്രയാണോ അതിനനുസരിച്ച് കത്തിന്റെ എണ്ണവും കൂടും.

**ഉയർച്ചതാഴ്ചകളില്ലാത്ത പയറ്റ്**

പയറ്റ് കഴിക്കുന്നവർക്കിടയിലും ഉയർച്ചതാഴ്ചകൾ ഉണ്ടായിരുന്നില്ല. സാധാരണക്കാരൻ നടത്തുന്ന അതേ സമാനസ്വഭാവത്തിൽ സമൂഹത്തിലെ ചില ഉന്നതരും പയറ്റ് നടത്താറുണ്ട്. നാദാപുരം പോലുള്ള സ്ഥലത്തെ മുസ്ലീം പ്രമാണിമാരും ഇത് നടത്താറുണ്ട് .അവർക്ക് വലിയ പണത്തിന്റെ ആവശ്യം വരുമ്പോഴായിരുന്നു ഇത്. ഇവിടെയും ജനാധിപത്യ സ്വഭാവം നിലനിന്നിരുന്നു. നാട്ടുകാരായ സാധാരണക്കാരും ഈ പയറ്റ് കണ്ണിയിൽ ഉൾപ്പെടാറുണ്ട്. ഇത്തരം വ്യക്തികൾക്ക് സമ്പന്നർ വലിയ തുക പയറ്റുമ്പോൾ സാധാരകണ്ണികൾ ചെറിയ തുക തന്നെ പയറ്റും. അണ്ണാരക്കണ്ണന് തന്നാലകുന്നതുപോലെ ഇവരുടെ പണവും ചേർന്നാണ് ഇത്തരം സമുന്നതരുടെ ആവശ്യവും നിർവഹിച്ചിരുന്നത്. ഇത്തരം സമ്പന്നരുമായി നല്ലബന്ധം ഉണ്ടാക്കുന്നത് സാധാരണക്കാരനും ഗുണമാകും. തിരിച്ചുപയറ്റുമ്പോൾ സമാന്യം മോശമല്ലാത്ത തുക തിരിച്ചുകിട്ടും എന്നതാണ് ഗുണം. എന്നാൽ ഇത്തരം വലിയ തുക തിരിച്ചുകൊടുക്കേണ്ട ബാധ്യത കണക്കിലെടുത്ത് സാധാരണക്കാരിൽ അധികം പേർ ഇത്തരം വലിയ പയറ്റ് കണ്ണിയിൽ ചേരാറില്ല.

**മുതലും പയറ്റു മുറിക്കലും**

പയറ്റിൽ അലിഖിതമെങ്കിലും ഒട്ടേറെ സത്യസന്ധയാർന്ന ചില നിയമങ്ങൾ ഉണ്ട്. പയറ്റ് നടത്തുന്ന വ്യക്തി തനിക്ക് പണം തരുന്ന ഓരോരുത്തർക്കും പിന്നീടൊരിക്കൽ ആ തുകയുടെ ഇരട്ടി മടക്കികൊടുക്കണമെന്നായിരുന്നു അത്. അങ്ങിനെ കഴിഞ്ഞില്ലെങ്കിൽ തനിക്ക് ലഭിച്ച തുകയെങ്കിലും കൊ ുക്കണം ഇതിനാണ് മുതൽ എന്ന് പറയുക. മുതൽ തരിച്ചുപയറ്റുമ്പോൾ പയറ്റ് മുറിക്കുക എന്നാണ് പറയുക. ആദ്യകാലത്ത് പത്ത് കൊല്ലം മുമ്പ് 10,20 രൂപയൊക്കെയാണ് പയറ്റുന്ന ശരാശരി തുകയെങ്കിൽ അതിനുമുമ്പ് അതിലും കുറഞ്ഞ തുകയായിരുന്നു പയറ്റിയിരുന്നത്. ഒരു ദിവസത്തെ വരുമാനത്തിനു സമാനമായതോ അതിന്റെ വലിയൊരു ഭാഗമെങ്കിലും പയറ്റിൽ കൊടുക്കേണ്ടിവരും. അതിനാൽ ഒരാൾ പയറ്റ് നിശ്ചയിക്കുമ്പോൾ അതേ പ്രദേശത്ത് മറ്റൊരാളുടെ പയറ്റ് ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തും.

പയറ്റ് നിശ്ചയിക്കുമ്പോൾ പഞ്ഞമാസം ഒഴിവാക്കും. മകരമാസം പകുതിയോടെയാണ് നാട്ടിൽ പയറ്റിന്റെ തിരക്കുണ്ടാകുക. ഈ സീസണിൽ അങ്ങാടിയിലെ ഒറ്റപ്പെട്ട പ്രസ്സിൽ ഏറ്റവും കൂടുതൽ പണി ഇത്തരത്തിലുള്ള കത്ത് അച്ചടിക്കുന്നതാണ്. പയറ്റ് നടത്തുന്ന ദിവസം ഏതെന്ന് അന്തിമമായി തീരുമാമെടുക്കുന്നതിന് നാട്ടിലെ പ്രസുമായി ബന്ധപ്പെടുന്നതും പതിവാണ്. തന്റെ വലയത്തിൽ പെടുന്ന ഏതെങ്കിലും വ്യക്തി താൻ മനസിൽ കണക്കു കൂട്ടിയ ദിവസം പയറ്റ് നടത്തുന്നുണ്ടോ എന്നറിയാനാണ് ഇത്തരത്തിൽ തിരക്കുന്നത്. വിശ്വാസികളായ പലരും പയറ്റ് തീരുമാനിക്കുന്നതിനുമുമ്പ് നല്ല ദിവസം ഏതെങ്കിലും ജ്യോത്സ്യനെക്കണ്ട് അന്വേഷിക്കുന്നതും പതിവാണ്. മകളുടെ കല്യാണത്തിനോ മകന്റെ വിദേശയാത്രക്കോ വീടിന്റെ പണി തുടങ്ങാനോ വേണ്ടി നടത്തുന്ന പയറ്റിന്റെ ഐശ്വര്യം ഉറപ്പു വരുത്തുന്നതിനാണിത്.

പയറ്റിന് വല്ല വിധേനയും എത്താൻ കഴിഞ്ഞില്ലെങ്കിൽ വലി അപമാനമായി കാണുമെങ്കിലും പിറ്റേന്ന് തന്നെ വീട്ടിലെ കുട്ടികൾ വശമോ മറ്റോ ഗൃഹനാഥൻ പണം കൊടുത്തയക്കുന്ന പ്രക്രിയയുമുണ്ട്. അങ്ങിനെ വരുന്നരുടെ കണക്ക് അതേ കണക്കു പുസ്തകത്തിൽ തന്നെ ആദ്യ കണക്കു കൂട്ടി എഴുപതി വരയിട്ടതിനു താഴെയാണ് എഴുതുക. എന്നാൽ പ്രവണത ആദ്യകാലത്ത് കുറവായ.രുന്നു. ഓരോ ദിവസവും രാവിലെ വീട്ടിൽ നിന്നിറങ്ങമ്പോഴോ തലേന്ന് ഉറങ്ങാൻ കിടക്കുമ്പോഴോ വീട്ടിലെ അയയിൽ തൂക്കിയിട്ടിരുന്ന കത്തുകൾ പരിശോധിച്ച് പിറ്റേന്നത്തെ പയറ്റ് ആരുടേതാണെന്ന് ഉറപ്പ് വരുത്തിയിരുന്നു. കാരണം അന്ന് പയറ്റ് നടത്തുന്നയാൾക്ക് ഒരു ദിവസംഎ വൈകി പണം കൊടുതതാൽ ചിലപ്പോൾ പയറ്റ് നടത്തിയയാൾക്ക അതിന്റെ യഥാർത്ഥ ഗുണം ഉണ്ടായെന്ന് വരില്ല. ഏതെങ്കിലും വ്യക്തിക്ക് തരിച്ചു നൽകാനുള്ള തുക സമാഹരിക്കാനാണ് പയറ്റ് നടത്തുന്നതെങ്കിൽ പയറ്റ് നടക്കുന്ന ദിവശം രാത്രി തന്നെ തിരിച്ചു നൽകാമെന്ന് ഉറപ്പ് നൽകിയായിരിക്കും തിയതി നിശ്ചയിച്ചത്. ചില വ്യക്തികൾ ഒരു ദിവസം വൈകി പണം നൽകിയാൽ പയറ്റ് നടത്തുന്നയാളുടെ ഉദ്ദേശ്യലക്ഷ്യം നടക്കാതെ പോകും.

**ആചാരരീതികൾ**

2 സമൂഹമണ്ഡലത്തിൽ ആത്മാർത്ഥതയും പരസ്പര വിശ്വാസവും ഊട്ടിയുറപ്പിക്കുന്ന തരത്തിലുള്ള പണപ്പയറ്റ് വടക്കൻ കേരളത്തിലാണ് പ്രധാനമായും കണ്ടുവന്നിരുന്നത്.

3 അടുത്ത സുഹൃത്തുക്കളിൽനിന്നും ബന്ധുക്കളിൽ നിന്നുമാണ് ഇത്തരത്തിൽ പണം സമാഹരിക്കുന്നത്.

4 കുടുംബത്തിൽ മക്കളുടെ കല്യാണമോ സ്വന്തമായി വീട് പണിയുന്ന വേളയിലോ കടം തീർക്കേണ്ട ഘട്ടത്തിലോ ആണ് ഇത്തരത്തിൽ ചങ്ങാതിക്കുറി അഥവാ പണപ്പയറ്റ് വ്യക്തികൾ നടത്തിവന്നിരുന്നത്/വരുന്നത്.

5 ആദ്യം കുറി നടത്തേണ്ട തീയതി നിശ്ചയിച്ച് സുഹൃത്തുക്കളെയും മറ്റും അറിയിക്കുന്നതിന് കത്ത് തയ്യാറാക്കും

6 ഇത്തരം പയറ്റുകൾ ഗ്രാമത്തിലെ അങ്ങാടി കേന്ദ്രീകരിച്ചുള്ള ചായപ്പീടികയിൽ വച്ചാണ് നടത്തുക, ചുരു

ക്കം പേർ മാത്രമേ സ്വന്തം വീടുകളിൽ വച്ച് നടത്താറുള്ളൂ. പണം എത്തിക്കാൻ ആളുകൾക്ക് സൗകര്യപ്രദമായ പൊതു ഇടം എന്ന നിലയിലാണ് കൂടുതൽ പേരും അങ്ങാടിയിലെ ചായക്കട ഇതിനായി തെരഞ്ഞെടുക്കുന്നത്.

7 ചുരുക്കം ദിവസം കൊണ്ട് തന്നെ കത്തുകൾ എത്തിക്കേണ്ട മുഴുവൻ പേർക്കും എത്തിച്ച് പയറ്റ് നടക്കേണ്ട ദിവസം അടുക്കുമ്പോഴേക്കും പയറ്റ് നടക്കുന്നയാളുടെ വീട്ടിൽ ചെറിയ ആഘോഷതിമിർപ്പ് അനുഭവപ്പെടും

8 വടക്കൻ കേരളത്തിൽ പൊതുവെ ഉച്ച മുതലാണ് പയറ്റ് തുടങ്ങാറെങ്കിലും മലയോരമേഖലയിൽ ഇത് രാവിലെ തന്നെ തുടങ്ങാറുണ്ട്.(ദൂരസ്ഥലത്തു നിന്ന് ആളുകൾക്ക് ഏത്തിപ്പെടാനുള്ള സൗകര്യം കണക്കിലെടുത്താണ് ഭൂമിശാസ്ത്രപരമായി ഏറെ ദുർഘടമുള്ള മലയോരത്ത് രാവിലെമുതൽ പയറ്റ് തുടങ്ങുന്നത്)

9 പയറ്റ് നടക്കുന്ന പീടികയിൽ അന്നേ ദിവസം തെങ്ങിന്റെ മണ്ടയിൽ ഉച്ചഭാഷിണി കെട്ടി പാട്ട് വെക്കും. ഇതിനു പുറമെ കുരുത്തോലകൊണ്ടും ഈന്തപ്പനയോലകൊണ്ടും പീടികയ്ക്കുമുന്നിൽ അലങ്കരിക്കുകയും ചെയ്യും. പീടിക്കക്കു സമീപം ഒഴിഞ്ഞ പ്രതലത്തിൽ ഇന്നത്തെ പയറ്റ് ഇന്നയാളുടേതാണെന്ന് ചോക്കുകൊണ്ട് എഴുതുകയും ചെയ്യും.

10 പയറ്റ് നടത്തുന്ന വ്യക്തിയുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചാണ് പയറ്റാൻ എത്തുന്നയാൾക്ക് പലഹാരവും ചായയും നൽകുക. ഒരു ചായയും ചെറുപലഹാരവുമാണ് പൊതുവെ നൽകാറ്. പയറ്റ് നടക്കുന്ന ദിവസം അതു നടക്കുന്ന കടയിൽ മറ്റുള്ള ബിസിനസ് കുറവായിരിക്കും.

11 പയറ്റാനെത്തുന്നയാളുടെ പേരും തരുന്ന പണത്തിന്റെ കണക്കും രേഖപ്പെടുത്താൻ കടയ്ക്കുമുന്നിൽ മേശയുമിട്ട് പയറ്റ് നടത്തുന്നയാളുടെ അടുത്ത സുഹൃത്ത് ഇരിപ്പുണ്ടാകും. പയറ്റിനെത്തുന്നയാളുമായി സല്ലാപം നടത്തിയും അവരെ ചായക്ക് ക്ഷണിച്ചും ഈ മേശയ്ക്ക് സമീപം തന്നെ പയറ്റ് നടത്തുന്നയാൾ ഉണ്ടാകും.

12 രാത്രി ഏറെ വൈകും വരെ ആളുകൾ എത്തുന്നതിനാൽ രാത്രി10 നും 11 നും ഇടിയിലാണ് പയറ്റ് നിർത്തുക. തുടർന്ന് വന്ന പണം എണ്ണി പുസ്തകത്തിലെ കണക്കുമായി ഒത്തുനോക്കി കണക്കൊപ്പിക്കും. പിന്നീട് ഈ തുക പുതിയ തോർത്തുമുണ്ടിൽ പൊതിഞ്ഞു കെട്ടും. സുഹൃത്തുക്കളും അടുത്ത ബന്ധുക്കളുമടങ്ങുന്ന സംഘമാണ് ഈ തുക വീട്ടിലെത്തിക്കുക. ആദ്യകാലത്ത് പെട്രോൾ മാക്സ് കത്തിച്ച് ഒരാൾ മുന്നിൽ നടന്നുകൊണ്ടാണ് യാത്ര. വലിയൊരു തുക സുരക്ഷിതമായി വീട്ടിലെത്തിച്ചാൽ പയറ്റ് കണക്ക് എഴുതിയ വ്യക്തി വീട്ടിലെ മുതിർന്ന വ്യക്തിക്കാണ് ഈ കെട്ട് കൈമാറുക. പിന്നീട് അവിടെയുള്ള സദ്യ ഉണ്ടതിനുശേഷമേ ഏവരും പിരിയൂ. ആദ്യകാലങ്ങളിൽ പയറ്റ് നടത്തുന്ന ദിവസം അയാളുടെ വീട്ടിൽ രാത്രി ഇറച്ചിയടക്കമുള്ള സദ്യ ഉണ്ടാകാറുണ്ട്. അതിനാൽ വീട്ടിലെ കുട്ടികൾക്കും മറ്റും ചെറിയ ഉത്സവപ്രതീതി അന്നുണ്ടാകും.

13 ഇത്തരത്തിൽ പയറ്റ് നടത്തിയ വ്യക്തി തനിക്ക് പണം തന്നവരുടെ പയറ്റ് വരുമ്പോൾ തിരിച്ചുപയറ്റുക എന്നതാണ് ഇതിന്റെ അലിഖിതമായ ധാരണ. അത്തരത്തിൽ തിരിച്ചുപയറ്റിയില്ലെങ്കിൽ അത് മാന്യതക്ക് ചേർന്നതല്ലെന്ന ബോധ്യമുള്ളതിനാൽ അധികം പേരും തിരിച്ചുപയറ്റാറുണ്ട്.

14 തന്ന പണത്തിന്റെ ഇരട്ടി തുക മടക്കികൊടുക്കുമ്പോൾ ഇരുവരും തമ്മിലുള്ള പയറ്റ് ഇനിയും തുടരുമെന്നതിന്റെ തെളിവാണ്. ചിലർ തിനിക്ക് തന്ന തുക തന്നെ മടക്കികൊതുക്കുമ്പാൾ പയറ്റ് 'മുറിക്കുക' എന്നാണ് പറയുക. (കിട്ടിയ അടിക്ക് പലിശ സഹിതം മടക്കിക്കൊടുക്കുക എന്ന വടക്കൻ കേരളത്തിലെ ആയോധന കലയായ കളരിപ്പയറ്റിന്റെ മുറ അനുസ്മരിക്കുന്നതിനാലാണ് ഇത്തരം കൊടുക്കൽ വാങ്ങലിന് പയറ്റ് എന്ന പേർവന്നുചേർന്നതെന്ന് കരുതുന്നു) പയറ്റ് നടക്കുന്ന ദിവസം എത്തിപ്പെടാൻ പറ്റിയില്ലെങ്കിൽ പിറ്റേ ദിവസം പണം വീട്ടിലെത്തിക്കാറുമുണ്ട്. (എന്നാൽ കാലം ചെല്ലുന്നതോടെ ഈ പരസ്പരധാര ഇല്ലാതാകുകയും പയറ്റിവർ പലരും തിരിച്ചു പയറ്റാതാകുകയും ചെയ്തതോടെ ഇതിന്റെ പ്രസക്തി നഷ്ടപ്പെട്ടുതുടങ്ങിയിട്ടുണ്ട്.)

15 വടക്കൻ കേരളത്തിലെ പല ഇടത്തരം വീടുകളുടെയും പൂമുഖത്ത് പയറ്റുകത്തുകൾ മുഴുവൻ കമ്പിയിൽ തൂക്കിയിടുന്ന രീതി ഈയടുത്ത കാലം വരെ കണ്ടുവന്നതാണ്. പത്തുവർഷം വരെ വരെ പഴക്കമുള്ള കത്തുകൾ ചിലപ്പോൾ അതിലുണ്ടാകാറുണ്ട്. ഓരോ ദിവസവും പയറ്റുണ്ടോ എന്ന് എളുപ്പത്തിൽ മനസിലാക്കാനും അത് ഗൃഹനാഥന് നോക്കാനുമുള്ള സൗകര്യത്തിനാണ് ഇത് തൂക്കിയിടുന്നത്. രണ്ടു കൊല്ലം കൊണ്ട് പയറ്റ് വീണ്ടും നടത്തുന്നതാണ് പതിവ്. ചിലർ മൂന്നു വർഷം വരെ നീണ്ടുപോകാറുണ്ട്. ഇതിനിടയിൽ തനിക്ക് പണം തന്ന അധികം പേർക്കും പണം തിരികെ കൊടുത്തിട്ടുണ്ടാകും. ഇത്തരത്തിൽ വർഷങ്ങളോളം പരസ്പരം പയറ്റ് നടക്കുന്നതിനാൽ ഏറെ പഴക്കം ചെന്ന കണക്ക് പുസ്തകം പോലും പയറ്റ് നടത്തുന്നവർ സൂക്ഷിച്ചുവെക്കാറുണ്ട്. പയറ്റ് നടത്തുന്നയാൾ മരിച്ചാൽ അവരുടെ മക്കൾ ആ പയറ്റ് സത്യസന്ധതയോടെ തുടർന്ന് നടത്താറുമുണ്ട്.



*കേരളീയം നടത്തിയ ചങ്ങാതിക്കുറിയിൽനിന്ന്*